"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - തിരുവല്ല നഗരസഭയിൽ വിജിലൻസ്&ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട്- സെക്ഷൻ ക്ലാർക്ക് ശ്രീ.റ്റി.ബിനു ജോൺ- നെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) കുപ്പ്

സ.ഉ.(സാധാ) നം.1139/2023/LSGD തീയതി,തിരുവനന്തപുരം, 31-05-2023

പരാമർശം:-
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.12.2018 തീയതിയിലെ ഇ4(എസ്.സി.14/18/പി.റ്റി.എ.) 35865/2018 നമ്പർ കത്ത്
2. 27.09.2020തീയതിയിലെ ഇയു2-371/2019-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 11.01.2022തീയതിയിലെ വി1-16676/2020 നമ്പർ കത്ത്.

ഉത്തരവ്

തിരുവല്ല നഗരസഭയിൽ 03/11/2018 ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പ്ലാനിംഗ് സെക്ഷനിലെ ബിപി/222/18-19 ാാം നമ്പർ ഫയൽ പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിന് മൂന്ന് തവണ തെറ്റായ പ്ലാൻ സമർപ്പിച്ചിട്ടുള്ള ലൈസൻസിക്ക് നോട്ടീസ് നൽകണമെന്ന് ഓവർസിയർ ശിപാർശ ചെയ്തിരുന്നുവെങ്കിലും സെക്ഷൻ ക്ലാർക്കായ ശ്രീ.റ്റി.ബിനു ജോൺ നോട്ടീസ് നൽകാതിരുന്നതായും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, പെന്റിംഗ് അപേക്ഷകളുടെ അബ്സ്ട്രാക്ട് എന്നിവ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതായും കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നതനുസരിച്ച് ശ്രീ.റ്റി.ബിനു ജോണിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോ/പത്രികയ്ക്ക് ശ്രീ.റ്റി.ബിനു ജോൺ സമർപ്പിച്ച മറുപടി പ്രകാരം തിരുവല്ല നഗരസഭയിൽ 29-ാാം വാർഡിൽ 72/12, 72/19-1, 72/19-2, 72/22-1 സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് ട്രസ്റ്റി, എബനേസർ, മാർത്തോമാചർച്ച് സമർപ്പിച്ച ഓഡിറ്റോറിയം നിർമ്മാണത്തിനുള്ള BP No. 222/18-19 നമ്പർ അപേക്ഷയിൽ ലൈസൻസിയായ ശ്രീ.കെ.വി.മാത്യു 3 പ്രാവശ്യം തെറ്റായി പ്ലാൻ സമർപ്പിച്ചതു പ്രകാരം 09/11/2018 ൽ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയത് കൈപ്പറ്റി ടിയാൻ മാപ്പപേക്ഷ നൽകിയതിനാൽ നഗരസഭാ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണെന്നും ശ്രീ.റ്റി.ബിനു ജോൺ മറുപടി സമർപ്പിച്ചിരിക്കുന്നു. കൂടാതെ KMBR

— 1999 ന് വിരുദ്ധമായി സമർപ്പിച്ച പ്ലാൻ നിരസിച്ചുകൊണ്ട് 07/09/2018 ൽ അപേക്ഷകന് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ തെറ്റായ പ്ലാൻ സമർപ്പിച്ച ശ്രീ.കെ.വി.മാത്യുവിനെ ഒഴിവാക്കി പുതിയ ലൈസൻസി മുഖാന്തിരം BP No.38/19-20 പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുകയും ആയത് KMBR — 1999 ന് അനുസൃതമായതിനാൽ 14/08/2019 ൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ഒന്നാം ഗ്രേഡ് നഗരസഭയായ തിരുവല്ലയിൽ 39 വാർഡുകളുണ്ടെന്നും അനവധി കെട്ടിടനിർമ്മാണ അപേക്ഷകൾ ലഭിക്കാറുണ്ടെന്നും അപേക്ഷകളുടെ ബാഹുല്യം നിമിത്തം സമയബന്ധിതമായി ജോലികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെന്നും ടിയാന്റെ മറുപടിയിൽ പറയുന്നു. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിച്ചിട്ടുണ്ടെന്നും പെന്റിംഗ് അപേക്ഷകളുടെ വിവരങ്ങൾ കൃത്യമായി ഫയലിൽ രേഖപ്പെടുത്തി നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയത് പരിശോധനയിൽ ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും മറുപടിയിൽ പരാമർശിക്കുന്നു. പെന്റിംഗ് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഫയലിലും പെർമിറ്റ് രജിസ്റ്ററിലും വ്യക്തമായി രേഖപ്പെടുത്തിയിരുന്നതിനാലാണ് പ്രത്യേകം അബ്സ്ട്രാക്ട് സൂക്ഷിക്കാതിരുന്നതെന്നും മനഃപൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള അന്വേഷണറിപ്പോർട്ടിൽ ചുവടെ പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(i) കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചു നൽകുന്നതിനുള്ള BP/222/18-19 നമ്പർ ഫയലിൽ ബിൽഡിംഗ് റൂളിനു വിരുദ്ധമായി തെറ്റായി സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിനും violation ഉള്ള പ്ലാൻ തയ്യാറാക്കിയ ലൈസൻസിയായ ശ്രീ.കെ.വി.മാത്യുവിന് നോട്ടീസ് നൽകുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ 04/09/2018 ന് ഉത്തരവിട്ടിരുന്നു.

(ii). 07/09/2018 ൽ അപേക്ഷ നിരസിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ലൈസൻസിക്ക് നോട്ടീസ് നൽകാൻ കാലതാമസമുണ്ടായി. കാലതാമസം കൂടാതെ അപേക്ഷകനെ തീരുമാനം അറിയിക്കുന്നതിനുള്ള വ്യഗ്രതയിൽ ലൈസൻസിക്കുള്ള നോട്ടീസ് തയ്യാറാക്കുന്നതിന് വിട്ടുപോയിട്ടുള്ളതായി ശ്രീ.ബിനു ജോൺ അറിയിച്ചിട്ടുള്ളതാണ്.

(iii) ലൈസൻസിയായ ശ്രീ.കെ.വി.മാത്യുവിനെ ഒഴിവാക്കി പുതിയ ലൈസൻസി മുഖാന്തിരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ നിയമാനുസരണം ആയതിനാൽ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ച് നൽകിയിരുന്നു.

(iv). അപേക്ഷകൾ നിരസിക്കുമ്പോൾ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കാരണം വിശദമാക്കണമെന്ന് വിജിലൻസ് ടീം സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കാരണം വിശദമായി രേഖപ്പെടുത്തുവാൻ രജിസ്റ്ററിൽ സ്ഥലമില്ലാത്തതുകൊണ്ട് 'Rejected' എന്നുമാത്രം രേഖപ്പെടുത്തി വന്നിരുന്നതാണ്. നിലവിൽ നിർദ്ദേശ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ട്.

(v). പ്രസ്തുത കാലയളവിൽ നഗരസഭയിലെ 39 വാർഡുകൾ അടങ്ങുന്ന ടൗൺ പ്ലാനിംഗ് സെക്ഷന്റെ ചുമതല വഹിച്ചിരുന്നത് ഒരാൾ മാത്രമാണ്. കൂടാതെ ടി കാലയളവിൽ ഉണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് ജോലിഭാരവും ഉണ്ടായിരുന്നു. ശ്രീ.റ്റി.ബിനു ജോണിനെതിരെ നഗരസഭയിൽ യാതൊരുവിധ കുറ്റാരോപണങ്ങളും ഇല്ലാത്തതാണ്.

(vi). ശ്രീ.റ്റി.ബിനു ജോണിന്റെ ഭാഗത്ത് മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ല എന്ന നഗരസഭാ സെക്രട്ടറിയുടെ അഭിപ്രായം പരിഗണിക്കാവുന്നതാണ്.

4. നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം 03/11/2018 ൽ നടന്ന മിന്നൽപരിശോധനയിലാണ് BP 222/18-19 നമ്പർ ഫയൽ പ്രകാരമുള്ള നിർമ്മാണത്തിന് മൂന്നുതവണ തെറ്റായ പ്ലാൻ സമർപ്പിച്ചിട്ടുള്ള ലൈസൻസിക്ക് നോട്ടീസ് നൽകാത്തതായി

കണ്ടെത്തിയത്. എന്നാൽ 09/11/2018 ൽ നോട്ടീസ് നൽകിയതായി ശ്രീ.റ്റി.ബിനു ജോൺ മറുപടിയിൽ സൂചിപ്പിക്കുന്നു. ആയതിൽ നിന്നും വിജിലൻസ് പരിശോധനയ്ക്ക് ശേഷമാണ് നോട്ടീസ് നൽകിയിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ മനഃപൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ലാത്തതായും പെന്റിംഗ് അപേക്ഷകളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഫയലിലും പെർമിറ്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിരുന്നതാണെന്നുമുള്ള മറുപടികൾ അംഗീകരിക്കാവുന്നതാണ്. ടി സാഹചര്യത്തിൽ മനഃപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയായി കണ്ട് ശ്രീ.റ്റി.ബിനു ജോണിനെതിരായ അച്ചടക്ക നടപടികൾ താക്കീത് നൽകി അവസാനിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ, ശ്രീ.റ്റി.ബിനു ജോൺ നൽകിയിട്ടുള്ള മറുപടി, കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള അന്വേഷണ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ ആരോപണവിഷയത്തിൽ ശ്രീ.റ്റി.ബിനു ജോൺ-ന്റെ മറുപടി വസ്തുതാപരമാണെന്ന് കാണുന്നതിനാൽ തിരുവല്ല നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ, സെക്ഷൻ ക്ലാർക്കായ ശ്രീ.റ്റി.ബിനു ജോണിന്റെ ഭാഗത്ത് നിന്നും മനഃപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയായി കണ്ട് ടിയാനെതിരായ അച്ചടക്ക നടപടികൾ ശാസന (Censure) നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ.റ്റി.ബിനു ജോൺ, സെക്ഷൻ ക്ലാർക്ക്, തിരുവല്ല നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്(26.05.2023 തീയതിയിലെ VIG-D1/28/2019-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 01-06-2023 10:48:45
സെക്ഷൻ ഓഫീസർ